Page 1 of 3

അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ചികിത്സാ സഹായം

144 (144) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഓരോന്നിന്റെയും പരിധി എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരോഗ്യ കിരണം പദ്ധതി ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ ബി എസ് കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരുംതന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. ആർബിഎസ്കെ.-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്കൊഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. കൂടുതൽ ചെലവേറിയ വിദഗ്ധ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാകുന്നതിന് ജില്ലാ എൻ.എച്ച്.എം. ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. ആ അപേക്ഷയിന്മേൽ ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റികൂടി പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് ചികിത്സാ സഹായം നൽകിവരുന്നത്. ആരോഗ്യ കിരണം പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജനനി ശിശു സുരക്ഷാ കാര്യക്രം പദ്ധതി (JSSK) - ജനനി ശിശു സുരക്ഷാ കാര്യക്രമം പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒരു വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവയും ലഭ്യമാണ്. ഇതുകൂടാതെ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയാണെങ്കിൽ സൗജന്യ വാഹന സൗകര്യം ലഭിക്കുന്നു. ജനനി ശിശു സുരക്ഷാ കാര്യക്രം പ്രകാരം ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യമായ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവ ലഭിക്കുന്നു.

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ (SMAP) - ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്നു. സൊസൈറ്റി അംഗീകരിച്ച 15 അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ 8-1-2016-ലെ സ.ഉ.സാധാ നം. 129/2016 പ്രകാരം 34 ആശുപത്രികളേയും പക്ഷാഘാത ചികിത്സയ്ക്കുവേണ്ടി 17 ആയുർവ്വേദ ചികിത്സാ സ്ഥാപനങ്ങളേയുംകൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - 29-5-2018-ലെ G.O. (Rt) No. 1739/2018/H&FWD പ്രകാരം കേരള സർക്കാർ ലേബർ വകുപ്പിനുകീഴിൽ നടപ്പിലാക്കിവന്നിരുന്ന (ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ്) എന്നീ പദ്ധതികൾ ഏകീകരിച്ചു രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അനുബന്ധം 2 ആയി ചുവടെ ചേർക്കുന്നു*.

കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) - കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) അംഗത്വം ഇല്ലാത്തതും മൂന്ന് ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതിയുടെ അർഹത ലഭിക്കുന്നതാണ്. KASP പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും കെ.ബി.എഫ്. പദ്ധതിയുടെ സേവനം ലഭ്യമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കെ.ബി.എഫ്. പദ്ധതിപ്രകാരം രണ്ടുലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ലഭ്യമാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് മൂന്ന് ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്.

കാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗികൾക്കുള്ള പെൻഷൻ - വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ കാൻസർ, ക്ഷയം, കുഷ്ഠം ഇവയിൽ ഏതെങ്കിലും രോഗമുള്ളവർക്ക് പ്രതിമാസം ആയിരം രൂപ വീതം ധനസഹായം നൽകിവരുന്നു. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റുസഹിതം ബന്ധപ്പെട്ട താലൂക്ക് ഓഫീസിലാണ് സമർപ്പിക്കേണ്ടത്.

മറ്റ് ആനുകൂല്യങ്ങൾ - 6-7-2018-ലെ സ.ഉ.(സാധാ)നം.2171/2018/ആ.കു.വ. പ്രകാരം അന്ത്യോദയ അന്നയോജന (AAY), മുൻഗണന (Priority) എന്നീ വിഭാഗങ്ങളിലെ റേഷൻകാർഡ് അംഗങ്ങൾക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും ഗുരുതര രോഗം ബാധിച്ചിട്ടുള്ള 24-10-2018-ലെ (സ.ഉ.(സാധാ)നം.3204/2018/ആ.കു.വ. പ്രകാരം പട്ടികപ്പെടുത്തിയ രോഗങ്ങൾ അനുബന്ധം 3 -ൽ കണ്ടാലും*) പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ (Non Priority State Subsidy) ഉൾപ്പെടുന്ന അംഗത്തിനും റേഷൻ കാർഡിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ "സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയ്ക്ക് അർഹനാണ്" എന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്ത്രീ സുരക്ഷയും ശാക്തീകരണവും

145 (145) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയനിരാശയെ തുടർന്ന് നടക്കുന്ന കൊലപാതകങ്ങളും കൊലപാതകത്തിലേയ്ക്കോ ആത്മഹത്യയിലേയ്ക്കോ നയിക്കുന്ന സ്ത്രീധന പീഡനങ്ങളും തുറന്നുകാട്ടുന്ന ലിംഗ അസമത്വം അവസാനിപ്പിക്കുന്നതിനായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.